**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **17-03-2022 - ൽ മറുപടിയ്ക്ക്**

**പുളിക്കൽ 110 കെ.വി. സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കലിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ പ്രദേശത്ത് 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പഠനം നടത്തുകയും പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് അനിവാര്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രഥമ ദൃഷ്ട്യാ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയതിൽ സ്ഥലം കൈമാറുന്നതിന് ഒരു വസ്തുവിന്റെ ഉടമ സമ്മതം അറിയിച്ചിട്ടുണ്ട്. പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2013-ൽ ആണ് ഭരണാനുമതി നൽകിയിരുന്നത്. ടി ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുതായി ഭരണാനുമതി നൽകേണ്ടതുണ്ട്. നിലവിലുള്ള റേറ്റുകൾ അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും DPR തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനു വേണ്ടി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പുളിക്കൽ സബ്സ്റ്റേഷനുള്ള പുതിയ ഭരണാനുമതി നൽകിയ ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി പുതുക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റ്, DPR എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ ഭരണാനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ